**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 115</u>** **<u>03-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>ക്ലാസിഫൈഡ് ഹോം സ്റ്റേകളുടെ വർദ്ധന</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ലാസിഫൈഡ് ഹോം സ്റ്റേകളുടെ എണ്ണം വർദ്ധിച്ച് വരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി നടപ്പാക്കിയ പ്രധാന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ക്ലാസിഫൈഡ് ഹോംസ്റ്റേകളുടെ എണ്ണം വർഷം തോറും വർധിച്ചുവരുന്നുണ്ട്. സ.ഉ (കൈ) നം.03.2020/ ടൂറിസം തീയതി 16.01.2020 ഉത്തരവ് പ്രകാരം ഹോംസ്റ്റേ വർഗ്ഗീകരണത്തിനുള്ള പുതുക്കിയ സ്കീമിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് . സ .ഉ (കൈ) നം.177/2022/ ടൂറിസം തീയതി 03.06.2022 ഉത്തരവ് പ്രകാരം ഹോംസ്റ്റേ അംഗീകാരത്തിന് പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള NOC ഒഴിവാക്കിയിട്ടുണ്ട് . 01-04-2023-ന ശേഷം വീടുകൾക്കും റസിഡൻഷ്യൽ കാറ്റഗറിയിൽപെടുന്ന ഹോംസ്റ്റേകൾക്കും ഒരേ നികുതി നിരക്കാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഈടാക്കി വരുന്നത്. അപേക്ഷകൾ ഓൺലൈനിലൂടെയാണ് സ്വീകരിക്കുന്നത്. രജിസ്ട്രേഷൻ, ക്ലാസിഫിക്കേഷൻ ലൈസൻസ് എന്നിവയുടെ നടപടിക്രമങ്ങൾ ലളിതമാക്കി ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിന്റെ ഭാഗമായി, വർഗ്ഗീകരണ പ്രക്രിയയിലെ സങ്കീർണതകൾ കുറയ്ക്കുന്നതിന്, ടൂറിസം ഡയറക്ടർ ചെയർമാനും ടൂറിസം വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപന മേധാവികൾ |

| | | | |
|---|---|---|---|
| | | | അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>അപേക്ഷകൾ ഓൺലൈൻ സംവിധാനമാക്കി അപേക്ഷകർക്ക് വർഗ്ഗീകരണ നടപടി ക്രമങ്ങൾ എളുപ്പമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകവഴി ലൈസൻസ് പ്രക്രിയയിലെ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഹോം സ്റ്റേകൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ ഓൺലൈൻ രീതിയിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓൺലൈൻ സംവിധാനം സംരംഭകർക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ട്; ഈ സംവിധാനം വഴി ലൈസൻസിംഗ് പ്രക്രിയയിലെ കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ക്ലാസിഫൈഡ് ഹോംസ്റ്റേകളുടെ എണ്ണം വർഷം തോറും വർധിച്ചുവരുന്നുണ്ട്. സ.ഉ (കൈ) നം.03.2020/ ടൂറിസം തീയതി 16.01.2020 ഉത്തരവ് പ്രകാരം ഹോംസ്റ്റേ വർഗ്ഗീകരണത്തിനുള്ള പുതുക്കിയ സ്കീമിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് . സ .ഉ (കൈ) നം.177/2022/ ടൂറിസം തീയതി 03.06.2022 ഉത്തരവ് പ്രകാരം ഹോംസ്റ്റേ അംഗീകാരത്തിന് പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള NOC ഒഴിവാക്കിയിട്ടുണ്ട് . 01-04-2023-നു ശേഷം വീടുകൾക്കും റസിഡൻഷ്യൽ കാറ്റഗറിയിൽപെടുന്ന ഹോംസ്റ്റേകൾക്കും ഒരേ നികുതി നിരക്കാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഈടാക്കി വരുന്നത്. അപേക്ഷകൾ ഓൺലൈനിലൂടെയാണ് സ്വീകരിക്കുന്നത്. രജിസ്ട്രേഷൻ, ക്ലാസിഫിക്കേഷൻ ലൈസൻസ് എന്നിവയുടെ നടപടിക്രമങ്ങൾ ലളിതമാക്കി ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിന്റെ ഭാഗമായി, വർഗ്ഗീകരണ പ്രക്രിയയിലെ സങ്കീർണതകൾ കുറയ്ക്കുന്നതിന്, ടൂറിസം ഡയറക്ടർ ചെയർമാനും ടൂറിസം വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപന മേധാവികൾ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>അപേക്ഷകൾ ഓൺലൈൻ സംവിധാനമാക്കി അപേക്ഷകർക്ക് വർഗ്ഗീകരണ നടപടി ക്രമങ്ങൾ എളുപ്പമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകവഴി ലൈസൻസ് പ്രക്രിയയിലെ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഹോം സ്റ്റേ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ ലളിതവൽക്കരിക്കുക വഴി ചെറുകിട സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | ഹോംസ്റ്റേകൾ ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കിയിട്ടുണ്ട്. അപേക്ഷകന് സ്വന്തമായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുവാൻ കഴിയും. ഹോംസ്റ്റേ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രം വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് റെസ്പോൺസിബിൾ ടൂറിസം മിഷനുമായി സഹകരിച്ച് ഹോം സ്റ്റേ മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യകൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വികസനം ഉറപ്പാക്കുന്നതിനും പദ്ധതികളുണ്ടോ; വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്ത് ഹോസ്റ്റേകളുമായി ബന്ധപ്പെട്ട് വിവിധ തൊഴിൽ പ്രവർത്തനങ്ങൾ, തൊഴിൽ സാധ്യതകൾ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനം കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്നുണ്ട്. പുതിയ ഹോസ്റ്റേകൾ ആരംഭിക്കുന്നതിനും അതുവഴി തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്നതിന് ആവശ്യമായ പരിശീലനങ്ങൾ കെ.ആർ.ടി.എം. സൊസൈറ്റി നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 800 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഫാം ടൂറിസം പ്രവർത്തനങ്ങളെയും ഹോംസ്റ്റേകളേയും ബന്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ കൂടി കൂട്ടിച്ചേർത്താണ് ഈ പരിശീലനങ്ങൾ ഇപ്പോൾ നടന്നു വരുന്നത്. കെ. ആർ. ടി. എം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഹോംസ്റ്റേകളിലേയ്ക്ക് പരമാവധി ടൂറിസ്റ്റുകൾ എത്തിച്ചേരുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങളും ഹോംസ്റ്റേകളുമായി ചേർന്നുള്ള ടൂർ പാക്കേജുകളും കെ. ആർ. ടി. എം സൊസൈറ്റി നടപ്പാക്കി വരുന്നുണ്ട് |
| (ഇ) | ആഭ്യന്തര-വിദേശസഞ്ചാരികളുടെ വർദ്ധനവ് പരിഗണിച്ച് സംരംഭകർക്ക് എല്ലാ സീസണിലും വരുമാനം ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്ത് വർഷം മുഴുവനും സഞ്ചാരികളെ ആകർഷിക്കുന്നതിനും ആയതിലൂടെ ടൂറിസം മേഖലയിലെ വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി പരമ്പരാഗതമായ രീതിയ്ക്ക് പുറമെ ഡിജിറ്റൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെയുള്ള പരസ്യ-പ്രചരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഓരോ സീസണും അനുയോജ്യമായ തരത്തിൽ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് നടപ്പാക്കുന്നു. കൂടാതെ ദേശീയ അന്തർദ്ദേശീയ ടൂറിസം മേളകളിലും റോഡ്ഷോകളിലും ടൂറിസം വകുപ്പ് ഭാഗമാകുന്നുണ്ട്. ദേശീയരും വിദേശീയരുമായ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഉത്സവങ്ങളും ടൂറിസം മേളകളും സംഘടിപ്പിച്ചുവരുന്നു. ഇതിലൂടെ സംരംഭകർക്ക് വരുമാനമുണ്ടാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ